# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **206** 28.06.2016 -ൽ മറുപടിക്ക്

## കുട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പ്

**ചോദ്യം**

ശ്രീ. ടി.വി. ഇബ്രാഹിം

**മറുപടി**

ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

(എ) പ്രതിരോധകുത്തിവെപ്പ് എടുത്തിട്ടില്ലാത്ത കുട്ടികളെക്കുറിച്ചുള്ള കണക്കുകൾ ലഭ്യമാണോ;

(എ) പൂർണ്ണമായും പ്രതിരോധകുത്തിവെപ്പ് എടുത്തിട്ടില്ലാത്ത കുട്ടികളുടെ 2014-2015 കാലയളവിലെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. 2015-2016 സാമ്പത്തിക വർഷം ജനിച്ച കുട്ടികളുടെ പ്രതിരോധകുത്തിവെപ്പ് കാലാവധി 2016-17 ൽ മാത്രമേ പൂർത്തിയാവുകയുള്ളൂ.

| നം | ജില്ല | 2014-15 |
|---|---|---|
| 1 | തിരുവനന്തപുരം | 2622 |
| 2 | കൊല്ലം | 2330 |
| 3 | പത്തനംതിട്ട | 659 |
| 4 | ആലപ്പുഴ | 1715 |
| 5 | കോട്ടയം | 1112 |
| 6 | ഇടുക്കി | 950 |
| 7 | എറണാകുളം | 2974 |
| 8 | തൃശ്ശൂർ | 3180 |
| 9 | പാലക്കാട് | 4455 |
| 10 | മലപ്പുറം | 20050 |
| 11 | വയനാട് | 1583 |
| 12 | കോഴിക്കോട് | 5237 |
| 13 | കണ്ണൂർ | 3881 |
| 14 | കാസർഗോഡ് | 1536 |
| | ആകെ | 52284 |

(ബി) എല്ലാ കുട്ടികൾക്കും പ്രതിരോധ കുത്തിവെപ്പ് നൽകുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് അറിയിക്കുമോ?

(ബി) സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ബ്ളോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും പ്രതിരോധ കുത്തിവെപ്പ് നൽകുന്നതിനു വേണ്ടി ധാരാളം പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ നടത്തി വരുന്നു. എല്ലാ സർക്കാർ ആശുപത്രിയിലും സബ്സെന്റർ തലം മുതൽ കുട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പുകൾ കൃത്യമായ കാലയളവിൽ തുടർച്ചയായി നൽകി വരുന്നുണ്ട്. ഇതിന് ഫീൽഡ് വിഭാഗം ജീവനക്കാർ മുതൽ ജില്ലാ പ്രോഗ്രാം ഓഫീസർമാർ വരെ മേൽനോട്ടം വഹിക്കുന്നു. മാത്രവുമല്ല പ്രതിരോധ കുത്തിവെയ്പ്പിൽ പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ എല്ലാ കുട്ടികൾക്കും പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്നതിനായി ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ നിർദ്ദേശാനുസരണം 2014 ഏപ്രിൽ മാസം മുതൽ 'മിഷൻ ഇന്ദ്രധനുഷ്' എന്ന പരിപാടി നടത്തി വരുന്നു. എല്ലാ ഗർഭിണികൾക്കും 2 ഡോസ് ടി.ടി വാക്സിൻ എടുക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. പ്രസ്തുത വാക്സിനേഷനുകൾ എം.സി.ടി.എസ് (M.C.T.S) എന്ന രജിസ്ട്രേഷൻ സോഫ്റ്റ് വെയർ വഴി നിരീക്ഷണം നടത്തി എല്ലാ ഗർഭിണികൾക്കും കുട്ടികൾക്കും പ്രതിരോധ വാക്സിൻ ലഭിച്ചു എന്ന് ഉറപ്പു വരുത്തുന്നു.

ഗവൺമെന്റ്, പ്രൈവറ്റ് സ്കൂളുകളിൽ അതാത് സ്ഥലങ്ങളിലെ മെഡിക്കൽ ഓഫീസർമാരുടെ മേൽനോട്ടത്തിലും സ്കൂൾ ഹെൽത്ത് ജെ.പി.എച്ച്.എൻ മാർ വഴിയും പ്രതിരോധ കുത്തിവെയ്പ്പിനെക്കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

പോളിയോ രോഗനിരീക്ഷണത്തിന്റെ ഭാഗമായി 15 വയസ്സിനു താഴെയുള്ള കുട്ടികളുടെ മലം പരിശോധിച്ച് എ.എഫ്.പി സർവൈലൻസ് സ്റ്റേറ്റ് പോളിയോ

ഓഫീസറുടെ നേതൃത്വത്തിൽ നടത്തി പോളിയോ രോഗം ഇല്ല എന്ന് സ്ഥിരീകരിക്കുന്നു.

പ്രൈവറ്റ്, ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, മറ്റ് ഡിപ്പാർട്ട്മെന്റുകളായ ആയുർവേദം, ഹോമിയോ എന്നിവിടങ്ങളിലും എ.എഫ്.പി സർവൈലൻസ് നടത്തി വരുന്നു.

വിവിധ രോഗങ്ങളെക്കുറിച്ചും, പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള ലഘുലേഖകൾ, പോസ്റ്ററുകൾ, ബാനറുകൾ, ചുവരെഴുത്ത് എന്നിവയിലൂടെയും റയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ തുടങ്ങിയ മേഖലകളിലും, എഫ്.എം റേഡിയോ വഴിയും തുടർച്ചയായി ബോധവൽക്കരണ പരിപാടികളും പ്രചാരങ്ങളും നടത്തി വരുന്നു. ഫീൽഡ് വിഭാഗം ജീവനക്കാർ, ആശാവർക്കർമാർ, അംഗൻവാടി ജീവനക്കാർ തുടങ്ങിയവർക്ക് കൃത്യമായ ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തി വരുന്നു.

ദേശീയ നഗര ആരോഗ്യദൗത്യത്തിന് കീഴിൽ പ്രതിരോധ കുത്തിവെയ്പ്പിനെപ്പറ്റി വീഡിയോ, പരസ്യ ചിത്രങ്ങൾ നിർമ്മിച്ച് അനുയോജ്യമായ മാധ്യമങ്ങളിലൂടെ പ്രദർശിപ്പിച്ചു വരുന്നു. പ്രതിരോധ കുത്തിവെയ്പ്പിലൂടെ പ്രതിരോധിക്കാൻ കഴിയുന്ന അസുഖങ്ങളെക്കുറിച്ചുള്ള കൈപ്പുസ്തകങ്ങളും, ലഘുലേഖകളും എല്ലാ ജില്ലകളിലും ജില്ലാ പ്രോഗ്രാം ഓഫീസ് മുഖേനയും സംസ്ഥാന തലത്തിലും അച്ചടിച്ച് ആശുപത്രികൾ മുഖേനയും ഫീൽഡ് വർക്കർമാർ മുഖേനയും നൽകി വരുന്നു.

കൂടാതെ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ തലത്തിൽ മറ്റ് ഡിപ്പാർട്ട്മെന്റുകളെ ഉൾപ്പെടുത്തി ഇന്റർ സെക്ടറൽ കോ-ഓർഡിനേഷൻ കമ്മിറ്റി നടത്തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ പഞ്ചായത്ത് തലത്തിലും, ബ്ളോക്ക്

തലത്തിലും ഇത്തരം കമ്മിറ്റികൾ കൂടുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ